# പ്ലാച്ചിമട
# ഇനിയും ലഭിക്കാത്ത നീതി

പ്ലാച്ചിമട സമര-ഐക്യദാർഢ്യ സമിതി

{പ്രതിപക്ഷ നേതാവായിരുന്നപ്പോൾ മുഖ്യമന്ത്രി ശ്രീ. വി.എസ് അച്യുതാനന്ദൻ പ്ലാച്ചിമടയിലെ സമരപന്തലിൽ എത്തുകയും ഇടതുമുന്നണി അധികാരത്തിലെത്തിയാൽ കൊക്കക്കോളയെ നാടുകടത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അന്ന് വി.എസ് പറഞ്ഞത്.

'കോളകളിൽ ശരീരത്തെ ബാധിക്കുന്ന വിഷാംശം മാത്രമല്ല, നമ്മുടെ സമൂഹത്തെയാകെ ബാധിക്കുന്ന അധിനിവേശത്തിന്റെ വിഷാംശവുമുണ്ട്. ശാരീരികവും സാംസ്കാരികവും സാമ്പത്തികവുമായ വിഷാംശങ്ങൾ'!

സംസ്ഥാനത്തിന്റെ പരമാധികാരിയായി ആയിരം ദിവസം പിന്നിട്ടിട്ടും പ്ലാച്ചിമടയിലെ പാവപ്പെട്ട ജനങ്ങൾക്ക് നൽകിയ വാഗ്ദാനം നിറവേറ്റാൻ വി.എസിനായിട്ടില്ല.

സംസ്ഥാന ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 2003 ഡിസംബർ 16 മുതൽ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടും സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ട്. എന്നിട്ടും, എന്തുകൊണ്ടോ, കൊക്കക്കോളയ്ക്കെതിരായുള്ള സർക്കാർ നടപടികൾ വിജയത്തിലേക്കെത്തുന്നില്ല.

സംസ്ഥാനത്തെ മുഴുവൻ മനുഷ്യസ്നേഹികളുടെയും പിന്തുണയോടുകൂടി, വിവിധ സാമൂഹിക-സാംസ്കാരിക പ്രസ്ഥാനങ്ങളുടെ സഹകരണത്തോടുകൂടി വരും നാളുകളിൽ സർക്കാരിന്റെ കണ്ണുതുറപ്പിക്കും വിധത്തിലുള്ള സമര-പ്രചരണ പരിപാടികൾക്ക് തുടക്കം കുറിക്കുകയാണ്. അതിന്റെ തുടക്കമായാണ് ഇന്നലെ മുഖ്യമന്ത്രിയുടെ വസതിയിലേക്ക് മാർച്ച് നടത്തിയത്.

### അടിയന്തിരമായി സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ

1. കൊക്കക്കോള കമ്പനിക്കെതിരായി സുപ്രീം കോടതിയിൽ നടന്നുകൊണ്ടിരിക്കുന്ന കേസ് തോൽക്കാതിരിക്കാനും, ദുർബലമാകാതിരിക്കാനും വേണ്ട അടിയന്തിരവും കർശനവുമായ നടപടികൾ കൈക്കൊള്ളാൻ കൂടുതൽ സൂഷ്മതയോടെ സർക്കാർ തയ്യാറാവുക.

2. നിലവിലുള്ള വിവിധ നിയമങ്ങളും കോടതിവിധികളും അവലംബമാക്കിക്കൊണ്ട് പ്ലാച്ചിമടയിൽ നടത്തിയ ജലചൂഷണത്തിനെതിരായി കൊക്കക്കോള കമ്പനിക്കെതിരെ ശക്തമായ നിയമനടപടി സൈക്കൊള്ളുകളും കമ്പനിയെ കുറ്റവിചാരണ നടത്തുകയും കമ്പനിയെ പ്ലാച്ചിമടയിൽനിന്നും പുറത്താക്കുകയും ചെയ്യുക.

3. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് (2003)ലെ ആർട്ടിക്കിൾ 15 (കെ), പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച് വന്ന സുപ്രധാന സുപ്രീംകോടതി വിധികളായ Polluter pays principle (eg: Indian Council for Enviro-legal Action Vs Union of India, 1996 & Vellore Citizens Forums Vs Union of India (1996), Public Trust Doctrine (for payment of reparations) (M.C Metha Vs Kamal Nath,1997) എന്നിവ പ്രകാരവും ഭരണഘടനയിലെ Article 21 (Right to live) പ്രകാരവും കൊക്കക്കോള കമ്പനിയിൽനിന്നും പ്ലാച്ചിമട നിവാസികൾക്ക് നഷ്ടപരിഹാരം ഈടാക്കി നിൽകാനുള്ള അടിയന്തിര നടപടി കൈക്കൊള്ളുക.

4. 2003-ലെ ഭൂജല സംരക്ഷണ നിയമപ്രകാരം നിലവിൽവന്ന ഭൂജല അതോറിറ്റി ശുപാർശ ചെയ്ത ഉന്നതാധികാര സമിതിയെ ഉടൻ നിയമിക്കുക. (പ്ലാച്ചിമടയിലെ ജലചൂഷണം സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങളെ ഏകോപിപ്പിക്കാനും, പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കാനും, പ്ലാച്ചിമട നിവാവികൾക്കുള്ള നഷ്ടപരിഹാരങ്ങളും, പ്ലാച്ചിമടയിലെ പരിസ്ഥിതി സന്തുലനാവസ്ഥ പുന:സംഘാടനം സംബന്ധിച്ചും തീരുമാനത്തിലെത്താനും ഒക്കെ ഉദ്ദേശിച്ചുകൊണ്ടാണ് ഭൂജല അതോറിറ്റി പ്രത്യേക സമിതിയെ നിയോഗിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്.

5. പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കാനും, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിനും വേണ്ടി മലിനീകരണ നിയന്ത്രണ നിയമങ്ങളിലും പഞ്ചായത്തീരാജ്-നഗരപാലിക നിയമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയും ഗ്രാമസഭകൾക്ക് നിയമപരമായ സംരക്ഷണത്തോടുകൂടിയ പരമാധികാരം നൽകുകയും ചെയ്യുക.

6. മന്ത്രി എൻ. കെ. പ്രേമചന്ദ്രൻ ചെയർമാനും മന്ത്രി എ.കെ. ബാലൻ അംഗവുമായ നിയമസഭാ സബ്ജക്ട് കമ്മിറ്റി 2006 ജൂണിൽ കമ്പനിക്കെതിരെ സമർപ്പിച്ച റിപ്പോർട്ട് ഇതുവരെ സർക്കാർ പുറത്തുവിട്ടിട്ടില്ല. ആ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ സർക്കാർ തയ്യാറാകണം.

7. കോളക്കമ്പനിക്കെതിരെ വ്യക്തമായ തെളിവുകളും രേഖകളും പ്രധാന കോടതിവിധികളും ഒക്കെ കൈവശം ഉണ്ടായിരിക്കെ, അതൊന്നും കണ്ടില്ലെന്ന് നടിക്കാൻ സർക്കാർ ശ്രമിക്കുന്നത് നിക്ഷിപ്ത താല്പര്യക്കാരുടെ ദുസ്വാധീനം മൂലമാണെന്ന് കരുതേണ്ടിവരുന്നു. അത് പ്ലാച്ചിമട നിവാസികൾക്കും കേരളത്തിനും മാത്രമല്ല, ഭൂമിയിലെ തന്നെ ജീവജാലങ്ങളോട് കാണിക്കുന്ന അക്ഷന്തവ്യമായ അനാസ്ഥയാണ്. അതിന് സർക്കാർ തയ്യാറാകരുത്.

ആയതിനാൽ പ്ലാച്ചിമട സമരം മനുഷ്യരാശിക്കുവേണ്ടിയുള്ള നിലനില്പിന്റെ സമരമാണെന്ന് കണ്ടറിഞ്ഞ് മേൽപറഞ്ഞ ന്യായമായ മനുഷ്യാവകാശ ആവശ്യങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കാൻ വേണ്ട നടപടി കൈക്കൊള്ളണമെന്ന് പ്ലാച്ചിമടയിലെ മനുഷ്യാവകാശ പോരാട്ടക്കാർക്കുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു.